# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2369 06-12-2018 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ. ടി.വി. ഇബ്രാഹിം**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

### റവന്യൂ വരുമാനം

| | | |
|---|---|---|
| (എ) | 2017-2018 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലഭിച്ച റവന്യൂ വരുമാനം എത്രയെന്ന് അറിയിക്കാമോ ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2017-2018 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലഭിച്ച റവന്യൂ വരുമാനം 83020.14 കോടി രൂപയാണ്. |
| (ബി) | 2018-2019 വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനക്കണക്കുകൾ നികുതി വരുമാനം, നികുതിയേതര വരുമാനം എന്നിവ തരം തിരിച്ച് അറിയിക്കാമോ ; | 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനത്തിന്റെ ഇനം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം: 58588.44<br>സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം: 14271.14<br>കേന്ദ്ര നികുതി വിഹിതം: 19932.27<br>കേന്ദ്ര ധനസഹായം: 10009.39 |
| (സി) | നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ? | 2018 സെപ്റ്റംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 40009.48 കോടി രൂപയാണ്. 2018-2019 സാമ്പത്തിക വർഷം കഴിഞ്ഞാൽ മാത്രമേ പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടുണ്ടോ എന്നത് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

**അക്കൗണ്ട്സ് ഓഫീസർ**